**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവ്വീസ് കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്ന മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് കോങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ ഏതെങ്കിലും അപേക്ഷകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമാണ് ഉള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുന്ന മിനി മാസ്റ്റ് ലൈറ്റുകൾക്ക് സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് കോങ്ങാട് കെ.എസ്. ഇ.ബി. സെക്ഷൻ ഓഫീസിൽ 4 അപേക്ഷകൾ 29.12.2025-ന് ഓൺ ലൈൻ ആയി ലഭിച്ചിട്ടുണ്ട്. 3 എണ്ണം കോങ്ങാട് സെക്ഷൻ പരിധിയിലും ഒരെണ്ണം കടമ്പഴിപ്പുറം സെക്ഷൻ പരിധിയിലുമാണ്. മുണ്ടൂളി മാരിയമ്മൻ കോവിൽ, ചോലപ്പാടം റോഡ്, പുലിക്കോട് ആയുർവേദ ഹോസ്പിറ്റൽ എന്നിവ കോങ്ങാട് സെക്ഷൻ പരിധിയിലും, ശ്രീ കുറുമ്പക്കാവ് കടമ്പഴിപ്പുറം സെക്ഷൻ പരിധിയിലുമാണ്. |
| (ബി) | പ്രസ്തുത കണക്ഷനുകൾക്ക് പണം അടയ്ക്കുന്നതിനായി 'ഡിമാന്റ്' ചെയ്ത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | വയറിംഗ് പൂർത്തീകരിക്കാത്തതിനാൽ കോങ്ങാട് സെക്ഷനിൽ ലഭിച്ച 3 അപേക്ഷകളിൽ ഡിമാൻഡ് നോട്ടീസ് നല്കാൻ സാധിച്ചിരുന്നില്ല. പിന്നീട് വയറിങ് പൂർത്തീകരിച്ചതിനെ തുടർന്ന് കോങ്ങാട് സെക്ഷന്റെ പരിധിയിൽ വരുന്ന 3 മിനിമാസ്സ് ലൈറ്റുകൾക്ക് കണക്ഷൻ നല്കുന്നതിനായി 24.01.2026-ൽ ഡിമാൻഡ് നോട്ടീസ് നൽകുകയും അന്ന് രാത്രി തന്നെ പണമടച്ചതിനാൽ 27.01.2026-ൽ 12.30 മുൻപ് തന്നെ സർവ്വീസ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കടമ്പഴിപ്പുറം സെക്ഷൻ പരിധിയിൽ വരുന്ന മിനി മാസ്സ് ലൈറ്റിനു കണക്ഷൻ നൽകാനായി 25.01.2026-ൽ ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് സർവ്വീസ് കണക്ഷൻ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ